സംഘടന

ഒ.പി അബ്ദുസ്സലാം

# ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസ നവോത്ഥാന സംരംഭങ്ങൾ

**അമ്പതു** വർഷത്തിനപ്പുറമുള്ള കേരള മുസ്‌ലിംകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ആദർശപരമായ അസ്തിത്വവും സാംസ്കാരിക വ്യക്തിത്വവും ചോർന്ന് ജീവഛവമായി മാറിക്കഴിഞ്ഞ ഒരു സമൂഹത്തിന്റെ ശോകചിത്രമാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരിക. അന്നത്തെ സവിശേഷ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പശ്ചാത്തലങ്ങൾ ഇതിന്നു നിമിത്തമായിട്ടുണ്ടെന്നതിൽ തർക്കമില്ല. എങ്കിലും, വിദ്യാഭ്യാസ മേഖലയിലുണ്ടായ ദീർഘവീക്ഷണമില്ലായ്മയും കുറ്റകരമായ അനാസ്ഥയും തന്നെയായിരുന്നു മുസ്‌ലിം സമൂഹത്തിന്റെ മുരടിപ്പിനു മുഖ്യ ഹേതുകം.

ഏതാനും ദിക്ർദുആകളും ഖുർആന്റെ കുറഞ്ഞ ഭാഗവും അർഥമറിയാതെ ഉരുവിട്ടു പഠിപ്പിക്കുന്ന ഗ്രാമങ്ങളിലെ ഓത്തുപള്ളികളും അശാസ്ത്രീയമായും ലക്ഷ്യബോധമില്ലാതെയും നടത്തപ്പെട്ടിരുന്ന പള്ളിദർസുകളും മാത്രമായിരുന്നു അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും കൊടികുത്തിവാണിരുന്ന അന്നത്തെ മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ഒന്നിലും, വിദ്യാഭ്യാസത്തിൽ പ്രത്യേകിച്ചും പരിണതപ്രജ്ഞരായ പൂർവ സൂരികളെപ്പോലെ ഒരു സമഗ്രവീക്ഷണം അവർക്കുണ്ടായിരുന്നേ ഇല്ല. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം ജീവിതത്തിലെ ചില പരിമിത 'മസ്അല'കളിലും മാമൂലുകളിലും തളച്ചിടപ്പെട്ടു.

കേരളത്തിന് പുറത്തുള്ള മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥയും ഇതിൽനിന്നും ഒട്ടും വിഭിന്നമായിരുന്നില്ല. മാല മൗലീദ് റാത്തീബുകളും ഉറുക്ക് മന്ത്രം സിഹ്റുകളും ജീവിത ശൈലിയായി സ്വീകരിച്ച അന്നത്തെ ഇന്ത്യൻ മുസ്‌ലിംകളുടെ വിദ്യാഭ്യാസ ഭൂപടത്തിൽ കയറിപ്പറ്റിയ മറ്റൊരു ദുർഭൂതത്തെ കൂടി ഇവിടെ പരാമർശിച്ചേ പറ്റൂ. സീസർക്കുള്ളത് സീസർക്കും, ദൈവത്തിന്നുള്ളത് ദൈവത്തിനുമെന്ന യൂറോപ്യൻ ദർശനത്തിന്റെ നീരാളിപ്പിടിത്തത്തിൽ ഇന്ത്യൻ മുസ്‌ലിംകളും അകപ്പെട്ട വസ്തുതയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇതിന്റെ ഫലമായി മതവിദ്യാഭ്യാസത്തെ സെക്യുലർ വിദ്യാഭ്യാസത്തിനോ, സെക്യുലർ വിദ്യാഭ്യാസത്തെ മതവിദ്യാഭ്യാസത്തിനോ ഉൾക്കൊള്ളാനാവാതെ നേരെ എതിർദിശയിലൂടെ സഞ്ചരിച്ചുപോന്ന അന്നത്തെ ഘടനയിൽ മുസ്‌ലിംകളും പൂർണമായി അലിഞ്ഞുചേരുകയായിരുന്നു. സെക്യുലർ ചിന്തയെ പ്രതിനിധീകരിക്കുന്ന അലീഗഢ് മുസ്‌ലിം യൂനിവേഴ്സിറ്റിയും ദീനീ പഠനത്തെ മാത്രം പ്രതിനിധീകരിക്കുന്ന ദയൂബന്ദ് ദർസ്ഗാഹും ഈ വൈരുധ്യാവസ്ഥയുടെ പ്രതീകങ്ങളായിരുന്നു. ഇത്തരത്തിൽ മുസ്‌ലിംകളുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖല അങ്ങേയറ്റം താറുമാറാവുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തപ്പോഴാണ് വിഖ്യാത വിദ്യാഭ്യാസവിചക്ഷണനും ചിന്തകനും പരിഷ്കർത്താവുമായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി (1903–1979) മുസ്‌ലിം സമുദായത്തിന്റെ സമഗ്ര നവോത്ഥാന ദൗത്യവുമായി രംഗത്തെത്തുന്നത്. ആ കാലത്തെ പ്രമുഖ പത്രങ്ങളായ താജ്, മുസ്‌ലിം, അൽ ജംഇയ്യഃ തുടങ്ങിയവയിൽ മൗലാനാ മൗദൂദി ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെ സത്തയെയും മുൻഗണനാക്രമത്തെയും കുറിച്ച് വിശദമായ ലേഖനങ്ങളെഴുതുകയും, ഡോ. മുഹമ്മദ് ഇഖ്ബാൽ, മൗലാനാ മുഹമ്മദലി തുടങ്ങി ഇന്ത്യയിലെ അറിയപ്പെട്ട വ്യക്തിത്വങ്ങളുമായി തൽ വിഷയത്തിൽ ചർച്ചകൾ നടത്തുകയും ചെയ്തു. രണ്ട് വ്യത്യസ്ത സ്വഭാവ സംസ്കാരങ്ങളെ വളർത്തിയെടുക്കുന്ന അലീഗഢ്, ദയൂബന്ദ് സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്കീം അദ്ദേഹം സൂക്ഷ്മനിരൂപണം നടത്തുകയും പ്രായോഗികമായ ബദൽ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ പ്രശ്നങ്ങളെ നോക്കിക്കാണുന്ന മൗലാന, ഇസ്‌ലാമിക വിദ്യാഭ്യാസത്തെ പുരസ്കരിച്ച് രചിച്ച 'തഅ്‌ലീമാത്ത്' എന്ന ഗ്രന്ഥം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. നാൽപതുകളുടെ തുടക്കത്തിൽ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ 'ജമാഅത്തെ ഇസ്‌ലാമി' രൂപീകരിക്കപ്പെട്ടപ്പോൾ അതിന്റെ അജണ്ടയിൽ മുഖ്യമായ ഒരിനം ഇസ്‌ലാമിക ശിക്ഷണ ശീലവും ബോധവൽക്കരണവും നടത്തി മുസ്‌ലിം സമുദായത്തെ സാക്ഷാൽ

ഇസ്‌ലാമിക ധാരയിലേക്ക് കൊണ്ടു വരിക എന്നതായിരുന്നു.

അമ്പതുകളുടെ ആരംഭത്തിൽ കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം പ്രവർത്തനം തുടങ്ങിയപ്പോൾ ഇവിടെയും വിദ്യാഭ്യാസ സാംസ്കാരിക മേഖലക്ക് മുന്തിയ പരിഗണന നൽകപ്പെടുകയുണ്ടായി. മുസ്‌ലിംകളെ ആദർശ സമൂഹവും പ്രബോധക സംഘവുമായി മാറ്റിയെടുക്കുക, മുസ്‌ലിംകൾക്കെതിരിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ മൗലികമായും ദാർശനികമായും നേരിടുക, അടഞ്ഞുപോയ ഇജ്തിഹാദിന്റെ വാതിൽ തുറക്കാൻ മുസ്‌ലിം പണ്ഡിതന്മാരെ യോഗ്യരാക്കുക, വിദ്യാഭ്യാസത്തെ ലൗകികമെന്നും മതപരമെന്നും വിഭജനം നടത്തി രണ്ടിനുമിടയിൽ ഉരുക്കുഭിത്തി തീർക്കുന്ന പാശ്ചാത്യൻ രീതി മാറ്റിയെടുക്കുക, സമുദായ ഗാത്രത്തിൽ അള്ളിപ്പിടിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പിഴുതുമാറ്റുക, സ്ത്രീ സമൂഹത്തെ കൂടി ഇസ്‌ലാമികാദർശ സംസ്കാരത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടതുള്ളതുകൊണ്ട് സ്ത്രീവിദ്യാഭ്യാസത്തിന് മതിയായ പരിഗണന നൽകുക, മികവുറ്റ പണ്ഡിതന്മാരെയും സന്തുലിതത്വമുള്ള പ്രവർത്തകരെയും ലഭ്യമാക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് 'ജമാഅത്തെ ഇസ്‌ലാമി' കേരളത്തിൽ അതിന്റെ വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്.

തീർത്തും മുരടിച്ചും ശുഷ്കിച്ചും നിന്നിരുന്ന സമുദായ മധ്യത്തിലേക്ക് പ്രത്യാശയുടെ വെള്ളിവെളിച്ചവുമായെത്തിയ ജമാഅത്തിന്റെ കൈപിടിച്ചാശീർവദിക്കുന്നതിന് പകരം ക്രുദ്ധരായ പുരോഹിതപ്പടയും അവരുടെ കീഴാളന്മാരും ഹാലിളകുകയാണ് ചെയ്തത്. മതലൗലിക വിദ്യാഭ്യാസത്തെ ആരോഗ്യകരമായി സമന്വയിപ്പിച്ചതും സ്ത്രീവിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകിയതും ഖുർആൻ, ഹദീസ്, ഇജ്തിഹാദ് എന്നിങ്ങനെയുള്ള ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെ മുൻഗണനാക്രമം പുനഃസ്ഥാപിക്കാൻ ശ്രമിച്ചതും, ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അറബിഭാഷ പഠനങ്ങൾക്ക് പുതിയ സിലബസും സ്ട്രക്ച്ചറൽ അപ്രോച്ചും കൊണ്ടുവന്നതും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടവാളുയർത്തിയതുമൊക്കെയായിരുന്നു അന്നത്തെ പുരോഹിത വർഗത്തെ പ്രകോപിപ്പിച്ചത്. മാർഗമധ്യേ ഏറെ പ്രയാസങ്ങൾ അനുഭവപ്പെട്ടെങ്കിലും കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനം നിശ്ചിത ലൈനിലൂടെ തന്നെ സുധീരം മുന്നോട് നീങ്ങി.

അത്ഭുതകരമെന്ന് പറയട്ടെ, ഘനാന്ധകാരത്തിൽപെട്ട സമുദായത്തിനകത്ത് വെളിച്ചം പരക്കുന്നതിന്റെ ലക്ഷണം കണ്ടുതുടങ്ങി. ജമാഅത്തിന്റെ വിദ്യാഭ്യാസ വീക്ഷണങ്ങൾക്കെതിരെ ഫത്‌വയുമായെത്തിയവർതന്നെ ജമാഅത്തിന്റെ വിദ്യാഭ്യാസ രീതി ഓരോന്നോരോന്നായി നടപ്പിൽവരുത്തി. കേരള ചരിത്രത്തിലാദ്യമായി 1952-ൽ പെൺകുട്ടികൾക്ക് മാത്രമായി ചേന്ദമംഗല്ലൂരിൽ മദ്റസത്തുൽ ബനാത്ത് സ്ഥാപിച്ചപ്പോൾ കലിതുള്ളിയവർ ഇന്ന് വനിതകൾക്ക് സ്വന്തമായി അത്യാധുനിക രീതിയിലുള്ള ഹോസ്റ്റലുകൾ പണിയുന്നതിൽ പരസ്പരം മത്സരിക്കുന്നു. പ്രഗത്ഭ പണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായ മർഹൂം കെ.സി അബ്ദുല്ല മൗലവി ഇസ്‌ലാമിക വിദ്യാഭ്യാസത്തെയും സെക്യുലർവിദ്യാഭ്യാസത്തെയും ആരോഗ്യകരമായി സമന്വയിപ്പിച്ചുകൊണ്ട് ഒരു പുതിയ വിദ്യാഭ്യാസ സ്കീം അവതരിപ്പിച്ചപ്പോൾ അതിനെതിരെ പടവാളുയർത്തിയവർ, ഇപ്പോൾ ഇസ്‌ലാമിക് ആന്റ് ആർട്സ് കോളേജുകളും കോംപ്ലക്സുകളും സ്ഥാപിക്കുന്ന തിരക്കിലാണ്. ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെ സമഗ്രതയും വിപ്ലവാത്മക വീക്ഷണവും അടിവരയിട്ടു പറഞ്ഞപ്പോൾ ജമാഅത്തിനെതിരിൽ നെറ്റി ചുളിച്ച പലരും ഇന്ന് ആ നിലപാടിൽനിന്ന് പുറകോട്ട് പോയി. പാഠപുസ്തകങ്ങളുടെ നിർമാണത്തിലും പരിഷ്കരണത്തിലും ധീരമായ തുടക്കം കുറിച്ചപ്പോൾ പ്രസ്ഥാനത്തെ കളിയാക്കിയവർ ഇന്ന് അതിന് മുതിരുന്നില്ലെന്ന് മാത്രമല്ല, ജമാഅത്തിന്റെ പാത പിൻപറ്റുക കൂടി ചെയ്യുന്നുണ്ട്.

ചുരുക്കത്തിൽ കേരള മുസ്‌ലിംകളുടെ അക്കാദമിക ഭൂപടത്തിൽ പ്രായോഗിക ഇസ്‌ലാമിക വിദ്യാഭ്യാസത്തിന്റെയും ധാർമിക ശിക്ഷണത്തിന്റെയും തനിമയാർന്ന ചിത്രം തുന്നിച്ചേർക്കപ്പെട്ടത് ജമാഅത്തിന്റെ ശ്രമഫലമായിട്ടാണെന്ന കാര്യം നിഷേധിക്കാനാവില്ല. ആദർശ ഭദ്രതയും കർമപ്രതിബദ്ധതയുമുള്ള ഒരു പ്രബോധക സംഘത്തെ വാർത്തെടുക്കാൻ പ്രസ്ഥാനത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി എന്നതും അഭിമാനപൂർവം സ്മരിക്കേണ്ടിയിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലും വിദൂര ആഫ്രിക്കൻ രാജ്യങ്ങളിലും ഗൾഫു നാടുകളിലും ചെന്ന് ഈ സാർഥവാഹക സംഘം വിശാല ഇസ്‌ലാമിന്റെയും ഹ്യൂമനിസത്തിന്റെയും ദൗത്യം ഭംഗിയായി നിർവഹിക്കുന്നു. ഇവിടെ കേരളത്തിലെ സാമൂഹിക-സാംസ്കാരിക-വൈജ്ഞാനിക-കലാ സാഹിത്യ മേഖലകളിലും ഒരു നവജാഗരണത്തിന്റെ ദീപശിഖയുമായി രംഗപ്രവേശം ചെയ്തിരിക്കയാണിവർ. ജമാഅത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്തുവന്ന ഈ സർഗസംഘം പത്രപ്രവർത്തനം, പുസ്തക പ്രസാധനം, അധ്യാപനം, ആശയ സംവാദം, ഗവേഷണം, നിരൂപണം, ചർച്ച തുടങ്ങിയവയിലൊക്കെ വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി.

ആരംഭത്തിൽ അംഗുലീ പരിമിതമായിരുന്നു സ്ഥാപനങ്ങളെങ്കിലും ഇന്ന് മജ്‌ലിസിന് കീഴിൽ ഒട്ടു വളരെ

സ്ഥാപനങ്ങളുണ്ട്. എന്തോ കാരണത്താൽ മജ്‌ലിസിന്റെ അംഗീകാരം വാങ്ങാതെ, എന്നാൽ, മജ്‌ലിസിന്റെ സിലബസും പാഠപുസ്തകങ്ങളും പൂർണമായി അംഗീകരിച്ച കുറേയേറെ സ്ഥാപനങ്ങൾ വേറെയുമുണ്ട്. ഇപ്പോൾ മജ്‌ലിസിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയും വിധമത്രെ.

1. സീനിയർ കോളേജ് 7
2. ജൂനിയർ കോളേജ് 7
3. വനിതാ കോളേജ് 9
4. ഇസ്‌ലാമിക് ഓറിയന്റഡ് സെക്കന്ററി സ്കൂൾ 16
5. പ്രീ പ്രൈമറി സ്കൂൾ 17
6. സ്കൂൾ 28
7. മദ്റസകൾ 151
8. അനാഥശാല 6
9. ബോർഡിംഗ് മദ്റസ 5
10. തൊഴിൽ പരിശീലന കേന്ദ്രം 4
11. വികലാംഗ വിദ്യാലയം 1

**ശാന്തപുരം ഇസ്‌ലാമിയാ കോളേജ്**

1955-ൽ സുന്ദരമായ മുള്ള്യാകുർശി ഗ്രാമത്തിൽ സ്ഥാപിതമായ ഈ കോളേജ് ശാന്തപുരം ഇസ്‌ലാമിയാ കോളേജ് എന്നാണറിപ്പെടുന്നത്. ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ പ്രഥമ അമീറായ മർഹൂം ഹാജി മുഹമ്മദലി സാഹിബാണ് കോളേജിന്റെ സ്ഥാപകൻ. പ്രസ്ഥാനത്തിന് സമർഥരായ പ്രവർത്തകരെയും പണ്ഡിതന്മാരെയും സംഭാവന ചെയ്ത ശാന്തപുരം കോളേജിൽനിന്ന് പുറത്ത് വന്നവർ ഗൾഫ് നാടുകളിലും അമേരിക്കൻ ഐക്യനാടുകളിലും വരെ ഇസ്‌ലാമിക സേവനം നിർവഹിക്കുന്നുവെന്നത് പ്രത്യേകം സ്മരണീയമത്രെ. ഇതിനകം 36 ബാച്ചുകൾ പുറത്തിറങ്ങിക്കഴിഞ്ഞു. ഇപ്പോഴത്തെ പ്രിൻസിപ്പൽ ശാന്തപുരം സ്വദേശി കെ.ടി അബ്ദുർറഹീം സാഹിബാണ്. കേരളത്തിലെ പ്രഗത്ഭ പണ്ഡിതന്മാരായ പി. അബുൽ ജലാൽ മൗലവി, ടി. ഇസ്ഹാഖലി മൗലവി, എ.കെ അബ്ദുൽ ഖാദിർ മൗലവി, എം. മുഹമ്മദ്, എം.ടി അബൂബക്കർ മൗലവി എന്നിവർ നേരത്തെ ഈ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മത-ഭൗതിക വിദ്യാഭ്യാസത്തെ ആരോഗ്യകരമായും ശാസ്ത്രീയമായും സമന്വയിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന് പുതിയ അലകും പിടിയും നൽകിയ കേരളത്തിലെ ആദ്യത്തെ സ്ഥാപനമായ ശാന്തപുരം കോളേജിൽ വിദ്യാർഥികളെ തേഡ്, ഫോർത്ത് ഗ്രൂപ്പുകളിൽ ഡിഗ്രി പരീക്ഷക്കിരിക്കാൻ പ്രാപ്തരാക്കുന്നതോടൊപ്പം ഇസ്‌ലാമിക വിഷയങ്ങളിലും പണ്ഡിതന്മാരാക്കുന്ന ഒരു പ്രത്യേക കോഴ്സാണ് ഇപ്പോൾ പഠിപ്പിക്കുന്നത്. എ.ഐ.സി എന്ന പേരിലറിയപ്പെടുന്ന ഈ രീതി നടപ്പിലാക്കുന്നതിനു മുമ്പ് ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ എഫ്.ഡി കോഴ്സായിരുന്നു തുടർന്നുവന്നത്. കൂടാതെ അഫ്ദലുൽ ഉലമാ കോഴ്സിന് കുട്ടികളെ സജ്ജരാക്കുന്ന ഉസൂലുദ്ദീൻ കോളേജ് എന്ന പേരിൽ മറ്റൊരു സ്ഥാപനവും ശാന്തപുരത്ത് ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. ജ. ഇ. കേരള ഘടകത്തിന്റെ അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന്റെ നേതൃത്വത്തിലുള്ള ഇസ്‌ലാമിക് മിഷൻ ട്രസ്റ്റാണ് കോളേജും അനുബന്ധ സ്ഥാപനങ്ങളും നിയന്ത്രിക്കുന്നത്. ട്രസ്റ്റ് സെക്രട്ടറി എം.ടി അബൂബക്കർ മൗലവിയാണ്.

**ഇസ്‌ലാഹിയാ കോളേജ്, ചേന്ദമംഗല്ലൂർ**

1952-ൽ ചേന്ദമംഗല്ലൂരിൽ സ്ഥാപിതമായ അൽ മദ്റസത്തുതൽ ഇസ്‌ലാമിയ ആണ് കേരളത്തിൽ ഇസ്‌ലാമിക പ്രവർത്തകർ ആദ്യമായി സ്ഥാപിച്ച മദ്റസ. ഫുൾടൈം മദ്റസയായി പ്രവർത്തിച്ചു വന്ന സ്ഥാപനം 1960-ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ മാതൃകയിൽ മത-ലൗകിക വിഷയങ്ങൾ സമന്വയിപ്പിച്ചു കൊണ്ടുള്ള ഇസ്‌ലാമിയാ കോളേജായി ഉയർത്തപ്പെട്ടു. ജ. വി. അബ്ദുല്ല ഉമരിയായിരുന്നു പ്രഥമ പ്രിൻസിപ്പൽ. 1967-ൽ സ്ഥാപനത്തിന് ഇസ്‌ലാഹിയാ കോളേജ് എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു. ഭരണ സമിതി ഇസ്‌ലാഹിയ്യ അസോസിയേഷൻ എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തു. അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റ് ജമാഅത്തെ ഇസ്‌ലാമി മുൻ കേരള അമീർ കെ.സി അബ്ദുല്ല മൗലവിയായിരുന്നു. 1995 ആഗസ്റ്റ് 13-ന് നിര്യാതനാകുന്നതു വരെയും കെ.സി പ്രസിഡന്റായി തുടർന്നു. 1987 മുതൽ ഒ. അബ്ദുർറഹ്മാൻ സാഹിബാണ് സെക്രട്ടറി.

1971 ഇസ്‌ലാഹിയാ കോളേജിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു. കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിച്ചത് പ്രയോജനപ്പെടുത്തി ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സ് (AIC) കോളേജിൽ ആരംഭിച്ചത് അന്നായിരുന്നു. പിന്നീട് കേരളത്തിലെ ഇതര ഇസ്‌ലാമിക സ്ഥാപനങ്ങൾക്കത് മാതൃകയായി. ഈ കോഴ്സ് പൂർത്തിയാക്കി 19 ബാച്ചുകൾ ഇസ്‌ലാഹിയ്യയിൽനിന്ന് പുറത്തിറങ്ങിയിട്ടുണ്ട്. അവർ പ്രബോധനം, അധ്യാപനം, പത്രപ്രവർത്തനം, സർക്കാർ സർവീസ് തുടങ്ങിയ വിവിധ തുറകളിൽ സേവനമനുഷ്ഠിക്കുന്നു. കെ.സി അബ്ദുല്ലമൗലവി, എ.കെ അബ്ദുല്ലത്വീഫ് മൗലവി, പി.കെ ഇബ്‌റാഹീം മൗലവി, മുഹമ്മദ് അബുസ്സലാഹ് മൗലവി, ഒ. അബ്ദുർറഹ്മാൻ സാഹിബ്, ഒ.പി അബ്ദുസ്സലാം മൗലവി, ഇ.എൻ മുഹമ്മദ് മൗലവി എന്നിവർ മുൻ പ്രിൻസിപ്പൽമാരിൽ ഉൾപ്പെടുന്നു. 1994 മുതൽ എസ്.എ റശീദ് സാഹിബാണ് പ്രിൻസിപ്പൽ.

1960-ൽ കേരളത്തിൽ ഇദംപ്രഥമമായി പെൺകുട്ടികൾക്ക് വേണ്ടി നിലവിൽവന്ന മദ്റസത്തുൽ ബനാത്താണ് പ്രധാനമായ അനുബന്ധ സ്ഥാപനം. 1971-ൽ ഈ സ്ഥാപനം ഇസ്‌ലാഹിയാ വനിതാകോളേജ് ആയി. അൽ മദ്റസത്തുൽ ഇസ്‌ലാ

ഓർഫനേജ് സ്കൂൾ വിഭാഗവും പെൺകുട്ടികളുടെ കോളേജും വാടാനപ്പള്ളിയിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. എന്നാൽ ആൺകുട്ടികളുടെ കോളേജ് വാടാനപ്പള്ളിയിൽനിന്നും വളരെ അകലെയല്ലാതെ സ്ഥിതിചെയ്യുന്ന തളിക്കുളത്താണ് സ്ഥിതിചെയ്യുന്നത്. ഇതിന് പുറമെ 1994 മുതൽ എറണാകുളം ജില്ലയിലെ മന്ദം പറവൂരിലുള്ള ഇസ്‌ലാമിയ കോളേജ്, വാടാനപ്പള്ളി ഓർഫനേജ് കമ്മിറ്റി ഏറ്റെടുത്തു നടത്തുകയാണ്. ഹോസ്റ്റൽ സൗകര്യത്തോടുകൂടിയുള്ള പെൺകുട്ടികളുടെ ജൂനിയർ കോളേജാണ് ഇവിടെ പ്രവർത്തിക്കുന്നത്. തുടക്കത്തിൽ വി.പി കുഞ്ഞുമൊയ്തീൻ കുട്ടി മൗലവിയും തുടർന്ന് കെ.കെ മമ്മുണ്ണി മൗലവിയും പ്രിൻസിപ്പൽമാരായി സേവനം ചെയ്തിരുന്നു. ഇപ്പോഴത്തെ പ്രിൻസിപ്പൽ സി.കെ ഹനീഫ മാസ്റ്ററാണ്. നിലവിലുള്ള കമ്മിറ്റിയുടെ ചെയർമാൻ കെ.കെ മമ്മുണ്ണി മൗലവിയാണ്.

### വനിതാ കോളേജ്, വണ്ടൂർ

ശാന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന 'ഇസ്‌ലാമിക് മിഷൻ ട്രസ്റ്റി'ന്റെ തന്നെ കീഴിലുള്ള മറ്റൊരു സ്ഥാപനമാണ് വണ്ടൂർ വനിതാ കോളേജ്. 1979-ൽ സ്ഥാപിതമായ ഈ സ്ഥാപനം സ്ത്രീസമൂഹത്തെ സമുദ്ധരിക്കുന്നതിലും പ്രബോധന മേഖലയിൽ അവരുടെ കൂടി സാന്നിധ്യം ഉറപ്പുവരുത്തുന്നതിലും കാര്യമായ പങ്കാണ് വഹിച്ചുവരുന്നത്. ശാന്തപുരം കോളേജിലേത് പോലെ എ.ഐ.സി സിലബസനുസരിച്ച് ഡിഗ്രി പരീക്ഷക്ക് തയാറാക്കുന്നതോടൊപ്പം പെൺകുട്ടികളെ കാര്യശേഷിയുള്ള പണ്ഡിതകളാക്കുന്ന കോഴ്സാണ് പഠിപ്പിക്കുന്നത്. അഫ്ദലുൽ ഉലമാ കോഴ്സ് പഠിപ്പിക്കുന്ന ഉസൂലുദ്ദീൻ കോളേജും ഇവിടെയുണ്ട്. മൊത്തം 700 കുട്ടികൾ പഠിക്കുന്ന ഇവിടെ കോളേജുകൾക്ക് പുറമെ ഓറിയന്റഡ് ഇസ്‌ലാമിക് ഹയർസെക്കന്ററി സ്കൂളുമുണ്ട്.

സർക്കാർ അംഗീകാരമുള്ള 'ഹമദ് ഐ.ടി.സി' എന്ന പേരിൽ നടത്തുന്ന ഈ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ഇലക്ട്രോണിക്, മെക്കാനിക്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, എം.എം.വി, സ്റ്റെനോഗ്രാഫി, കമ്പ്യൂട്ടർ എം.ആർ.സി എന്നീ ട്രെയ്ഡുകളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകിവരുന്നു. വനിതകൾക്ക് പ്രത്യേകം ഹോസ്റ്റലും ആവശ്യമായ മറ്റ് അക്കാദമിക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ധാരാളം സംഘാടകരെയും പ്രവർത്തകരെയും സംഭാവന ചെയ്ത ഇലാഹിയ്യ കോളേജിൽ നേരത്തേ പ്രിൻസിപ്പൽമാരായിരുന്നത് ജനാബുമാർ എ. മുഹമ്മദ് മൗലവി, പി.എം അബുൽ ജലാൽ മൗലവി, കെ.എ അബ്ദുൽ ഖാദിർ ഫൈസി, കെ. അബ്ദുൽ ഖാദിർ മൗലവി എന്നിവരാണ്. മുഹമ്മദ് ശരീഫ് മൗലവിയാണ് ഇപ്പോഴത്തെ പ്രിൻസിപ്പൽ.

### ഇസ്‌ലാമിയാ കോളേജ്, വാടാനപ്പള്ളി

1970-ൽ 'ഇസ്‌ലാമിക് എജുക്കേഷൻ ട്രസ്റ്റ്' എന്നപേരിൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 1979-ൽ ഇസ്‌ലാമിയ്യ കോളേജ് തുടങ്ങിയതോടെ വാടാനപ്പള്ളി ഓർഫനേജ് ആന്റ് ഇസ്‌ലാമിയാ കോളേജ് ഫോർ ഓർഫൻസ് ആയി. സമർഥരായ പ്രവർത്തകരെയും സംഘാടകരെയും പണ്ഡിതന്മാരെയും സംഭാവന ചെയ്ത വാടാനപ്പള്ളി കോളേജ് ജമാഅത്തിന്റെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ്. കോളേജിലെ പ്രധാന കോഴ്സ് ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സാണ്. അതോടൊപ്പം സ്കൂൾ വിഭാഗവും ഉണ്ട്. കോളേജിലെ ആദ്യബാച്ച് എ.ഐ.സി പൂർത്തിയാക്കി പുറത്തുവന്നത് 1985-ലാണ്. 13 ബാച്ചുകളിലായി അഞ്ഞൂറിൽപരം വിദ്യാർഥികൾ ഇതിനകം പഠനം പൂർത്തിയാക്കി പുറത്തിറങ്ങിക്കഴിഞ്ഞു.

മിയ (സെക്കന്ററി), ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കൊടിയത്തൂർ വാദിറഹ്മ, അൽ ഇസ്‌ലാഹ് ഓർഫനേജ്, അസ്മാഅ് ബിൻത് അബൂബക്കർ ഗേൾസ് ഓർഫനേജ്, വാദിറഹ്മ ഇംഗ്ലീഷ് സ്കൂൾ, വെസ്റ്റ് ചേന്ദമംഗല്ലൂർ അൽമദ്റസത്തുൽ ഇസ്‌ലാമിയ്യ എന്നിവയാണ് മറ്റ് അനുബന്ധ സ്ഥാപനങ്ങൾ. മുൻ പ്രസിഡന്റ് കെ.സി അബ്ദുല്ല മൗലവിയുടെ വിയോഗത്തെത്തുടർന്ന് സ്ഥാപനങ്ങളുടെ ഭരണച്ചുമതല നിർവഹിക്കുന്നത് ഇസ്‌ലാഹിയാ അസോസിയേഷന്റെ പുതിയ പ്രസിഡന്റ് ഒ.പി അബ്ദുസ്സലാം മൗലവിയാണ്.

### ഇലാഹിയ്യ കോളേജ്, തിരൂർക്കാട്

1967-ൽ തിരൂർക്കാട്ട് സ്ഥാപിച്ച ഇലാഹിയ്യ കോളേജ് മജ്‌ലിസ് സ്ഥാപനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന സ്ഥാപനങ്ങളിലൊന്നാണ്. അന്നത്തെ പ്രസിഡന്റ് മർഹൂം എ.പി സൈദ് റാവുത്തർ സാഹിബിന്റെ നേതൃത്വത്തിൽ നുസ്റത്തുൽ ഇസ്‌ലാം അസോസിയേഷനാണ് കോളേജ് നിലവിൽവരുന്നതിന് മുൻകൈയെടുത്തത്. എന്നാൽ, 1982 മുതൽ കോളേജിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും ഭരണച്ചുമതല നിർവഹിക്കുന്നത് നുസ്റത്തുൽഇസ്‌ലാം ട്രസ്റ്റാണ്. ഈ ട്രസ്റ്റ് രൂപീകരിച്ചത് മുതൽ അതിന്റെ ചെയർമാൻ പദവി വഹിച്ചുവരുന്നത് കേരളത്തിലെ പ്രഗത്ഭ പണ്ഡിതന്മാരിലൊരാളായ ജ. മുഹമ്മദ് ശരീഫ് മൗലവിയാണ്. വിദ്യാഭ്യാസ ജനസേവനരംഗത്ത് പ്രസ്താവ്യമായ സേവനങ്ങളർപ്പിക്കുന്ന ട്രസ്റ്റ് എ.ഐ.സി ഡിഗ്രിക്ക് വിദ്യാർഥികളെ തയാറാക്കുന്ന ഇലാഹിയ്യ കോളേജിന് പുറമെ ഇസ്‌ലാമിക് ഓറിയന്റഡ് ഹൈസ്കൂൾ, മദ്റസത്തു തഹ്ഫീദുൽ ഖുർആൻ, ബോർഡിംഗ് മദ്റസ, അഫ്ദലുൽ ഉലമ കോഴ്സ് പഠിപ്പിക്കുന്ന ഉസൂലുദ്ദീൻ കോളേജ്, ആസാദ് റസിഡൻഷ്യൽ ഉറുദു കോളേജ്, ഐ.ടി.സി എന്നിവയും വിജയകരമായി നടത്തുന്നുണ്ട്.

സ്ഥാപനത്തിലെ ഇപ്പോഴത്തെ പ്രിൻസിപ്പൽ പി. അഹ്മദ്കുട്ടി മൗലവിയാണ്. മുൻ വർഷങ്ങളിൽ മർഹൂം പി.കെ ഇബ്റാഹീം മൗലവി, എം.ടി അബൂബക്കർ മൗലവി എന്നിവർ പ്രിൻസിപ്പൽമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**ആലിയാ അറബിക് കോളേജ്**

മജ്‌ലിസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലെങ്കിലും പ്രസ്ഥാനത്തിനും മുസ്‌ലിം സമൂഹത്തിനും അഭിമാനാർഹമായ ഒട്ടേറെ സംഭാവനകളർപ്പിച്ച ഒരു മഹൽ സ്ഥാപനമാണ് കാസർകോടിനടുത്ത് ചെമ്മനാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ആലിയാ അറബിക് കോളേജ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പേ 1940 നവംബറിൽ ചെമ്മനാട് ജുമാ മസ്ജിദിൽ ആരംഭിച്ച ആലിയാ അറബിക് കോളേജിന്റെ സ്ഥാപകൻ പണ്ഡിതനും പ്രമുഖ വാഗ്മിയും ജമാഅത്തെ ഇസ്‌ലാമി കേരളയുടെ ആദ്യകാല നേതാക്കളിലൊരാളുമായ മർഹൂം മൗലവി മുഹമ്മദ് ഇസ്സുദ്ദീൻ ഉമരിയാണ്. അന്ധവിശ്വാസം, ദാരിദ്ര്യം എന്നിവ നിമിത്തം സാമൂഹികമായി വളരെ പിന്തള്ളപ്പെട്ടിരുന്ന മുസ്‌ലിം സമൂഹത്തെ ഉയർത്തിക്കൊണ്ടുവരുന്നതിലും ശരിയായ ഇസ്‌ലാമിക കാഴ്ചപ്പാടും ബോധവും സൃഷ്ടിക്കുന്നതിലും സർവോപരി കാലത്തിന്റെ ഭാഷയിൽ സമൂഹത്തിനും സമുദായത്തിനും മാർഗദർശനവും നേതൃത്വവും നൽകുന്നതിലും അവിസ്മരണീയമായ പങ്കാണ് കേരളത്തിലെ ഈ പ്രഥമ കലാലയം വഹിച്ചു പോന്നിട്ടുള്ളത്.

1947-ൽ ജനാബ് സി.എച്ച് കുഞ്ഞിക്കലന്തൻ സാഹിബിന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതി കോളേജിന്റെ ഭരണ ചുമതല ഏറ്റെടുക്കുന്നത് വരെ ആലിയാ കോളേജിന്റെ നിയന്ത്രണവും നടത്തിപ്പും സൗത്ത് കനറ ജംഇയ്യത്തുൽ ഉലമക്കായിരുന്നു. കുഞ്ഞിക്കലന്തനെ തുടർന്ന് സ്ഥാപനത്തിന്റെ സാരഥി മർഹൂം സി.പി മാഹിൻ സാഹിബായിരുന്നു. ഇപ്പോൾ ജ. പി. സീതി സാഹിബാണ് കോളേജ് ഭരണസമിതിയുടെ അധ്യക്ഷൻ.

പണ്ഡിതന്മാരും പ്രബോധകരും ഗവേഷകരുമായി നല്ലൊരു വിഭാഗത്തെ കേരളത്തിന് സംഭാവന ചെയ്ത ആലിയാ അറബിക് കോളേജിൽ പ്രസിദ്ധരും മഹാന്മാരുമായ ധാരാളം പണ്ഡിതന്മാർ അധ്യാപകന്മാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൗലവി മുഹമ്മദ് ഇസ്സുദ്ദീൻ ഉമരി, പി. മുഹമ്മദ് ത്വാഈ ഉമരി, മുഹമ്മദ് ശീറാസി, ഇ.കെ അബൂബക്കർ മുസ്‌ലിയാർ, കെ.സി അബ്ദുല്ലാ മൗലവി, മൗലവി അബുസ്സലാഹ്, കെ.എം അഹ്മദ് മൗലവി, സഅ്ദുദ്ദീൻ മൗലവി, ടി. അബ്ദുർറഹ്മാൻ മൗലവി, കെ. മൊയ്തുമൗലവി എന്നിവർ അവരിൽ പെടുന്നു. ദീർഘകാലം ആലിയയുടെ പ്രിൻസിപ്പൽ കൂടിയായിരുന്ന ത്വാഈ മൗലവിക്ക് ശേഷം ഇപ്പോൾ വർഷങ്ങളായി സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ മൗലവി കെ.പി അബൂബക്കർ ഉമരിയാണ്. ആലിയാ ഭരണ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാനപങ്ങൾ:

1. വിമൻസ് ജൂനിയർ അറബിക് കോളേജ്
2. ഇന്റഗ്രേറ്റഡ് റസിഡൻഷ്യൽ സ്കൂൾ
3. നഴ്സറി ആന്റ് എൽ.പി ആന്റ് യു.പി (ഇംഗ്ലീഷ് മീഡിയം)
4. നഴ്സറി ആന്റ് എൽ.പി. ആന്റ് യു.പി (മലയാളം മീഡിയം)
5. ആലിയാ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
6. ട്രേഡ് സ്കൂൾ

ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ചെയർമാനായി കൊണ്ടുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് മജ്‌ലിസുത്തഅ്ലീമിൽ ഇസ്‌ലാമിയുടെ ഭരണകാര്യങ്ങളും നടത്തിപ്പും നിയന്ത്രിക്കുന്നത്. നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. പ്രഫ. കെ.എ സിദ്ദീഖ് ഹസൻ (ചെയർമാൻ)
2. ഒ. അബ്ദുർറഹ്മാൻ (വൈസ് ചെയർമാൻ)
3. ഒ.പി അബ്ദുസ്സലാം മൗലവി (ജനറൽ സെക്രട്ടറി)
4. പി.കെ റഹീം (ട്രഷറർ)
5. വി.കെ ഹംസ (അംഗം)
6. ടി. ആരിഫലി
7. ടി.കെ അബ്ദുല്ല
8. ശൈഖ് മുഹമ്മദ് കാരകുന്ന്
9. പി.എ അബ്ദുൽ ഹകീം
10. ടി.കെ ഉബൈദ്
11. എം.ഐ അബ്ദുൽ അസീസ്

അക്കാദമിക് തലത്തിൽ കേരളത്തിൽ മജ്‌ലിസ് വരുത്തിയ പരിഷ്കരണങ്ങൾ വിലയിരുത്തുമ്പോൾ അതിന്റെ മുൻ സാരഥികളായ മർഹൂം കെ.സി അബ്ദുല്ല മൗലവി, ടി.കെ അബ്ദുല്ല സാഹിബ്, പി.എം അബുൽ ജലാൽ മൗലവി, ഇ.വി ആലിക്കുട്ടി മൗലവി എന്നിവരുടെ സേവനങ്ങൾ സ്മരണീയമാകുന്നു. അവരുടെ സേവനങ്ങൾക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാകട്ടെ. ഈ വിദ്യാഭ്യാസ പ്രസ്ഥാനത്തെ അവൻ ഉദ്ദിഷ്ട ലക്ഷ്യത്തിലേക്ക് ഉത്തരോത്തരം പുരോഗമിപ്പിക്കുമാറാകട്ടെ.